

മണ്ഡല ഉത്സവത്തിന് പരിസമാപ്തി ശബരിമല നടയടച്ചു

നാല്പത്തിയൊന്നു ദിവസം നീണ്ടു നിന്ന മണ്ഡല കാല ഉത്സവത്തിന് സമാപനമായി.

ശബരിമല ശ്രീധർമശാസ്താ ക്ഷേത്ര നടയടച്ചു. രാത്രി 9.55 ന്ഹരിവരാസനം പാടി. രാത്രി 10 ന് ക്ഷേത്രം മേൽശാന്തി പി എൻ മഹേഷ് നമ്പൂതിരിയാണ് നടയടച്ചത്

എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണകുമാർ അഡ്മിനിസ്ടേറ്റീവ് ഓഫീസർ ഒ ജി ബിജു

അസി. എക്സിക്യുട്ടീവ് ഓഫീസർ വിനോദ് കുമാർ എന്നിവരുടെയുംദേവസ്വം ജവനക്കാരുടേയും സാന്നിധ്യത്തിലാണ് നടയടച്ചത് മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്രനട ഡിസംബർ 30 ന് വൈകീട്ട് തുറക്കും.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

27.12.2023

മകരവിളക്ക് മഹോത്സവത്തിന് ശനിയാഴ്ച നട തുറക്കും

മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30ന് വൈകിട്ട് ശബരിമല നട തുറക്കും. മകരവിളക്ക് പ്രമാണിച്ച് ജനുവരി 13നു വൈകിട്ട് പ്രാസാദ ശുദ്ധക്രിയകൾ നടക്കും. ജനുവരി 14ന് രാവിലെ ബിംബശുദ്ധിക്രിയകളും നടക്കും. ജനുവരി 15നാണ് മകരവിളക്ക്. അന്നു വെളുപ്പിന് 2.46ന് മകരസംക്രമ പൂജ നടക്കും. പതിവുപൂജകൾക്കുശേഷം വൈകിട്ട് അഞ്ചുമണിക്കാണ് അന്നു നടതുറക്കുക. തുടർന്നു തിരുവാഭരണം സ്വീകരിക്കൽ, തിരുവാഭരണം ചാർത്തിയുള്ള ദീപാരാധന, മകരവിളക്ക് ദർശനം എന്നിവ നടക്കും. 15,16,17,18,19 തിയതികളിൽ എഴുന്നള്ളിപ്പും നടക്കും. 19ന് ശരംകുത്തിയിലേക്ക് എഴുന്നള്ളത്ത് നടക്കും. ജനുവരി 20 വരെ ഭക്തർക്കു ദർശനത്തിനുള്ള സൗകര്യമുണ്ടായിരിക്കും.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

27.12.2023

ശബരിമലയിലെ വരവ് 241 കോടി

കഴിഞ്ഞ വർഷത്തേക്കാൾ 18.72 കോടി അധിക വരുമാനം

ശബരിമലയിലെ മണ്ഡലകാലത്തെ വരവ് 241,71,21,711 (ഇരുനൂറ്റി നാല്പത്തി ഒന്ന് കോടി എഴുപത്തിഒന്ന് ലക്ഷത്തി ഇരുപത്തിഒന്നായിരത്തി എഴുനൂറ്റി പതിനൊന്ന്) രൂപയെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്. തൊട്ടുമുമ്പത്തെ വർഷത്തേക്കാൾ 187251461 (പതിനെട്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്തിഒന്നായിരത്തി നാനൂറ്റിഅറുപത്തിഒന്ന് രൂപ) അധികമാണ് ഈ വർഷത്തെ വരവ്. 2229870250 രൂപ (ഇരുനൂറ്റി ഇരുപത്തിരണ്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപതിനായിരത്തി ഇരുനൂറ്റി അമ്പത് രൂപ)യായിരുന്നു കഴിഞ്ഞവർഷത്തെ വരവ്. കുത്തകലേലം വഴി ലഭിച്ച വരുമാനം കൂടി ചേർത്തതാണ് ഈ കണക്ക്. 374045007 (മുപ്പത്തിയേഴ് കോടി നാല്പത് ലക്ഷത്തി നാല്പത്തിഅയ്യായിരത്തി ഏഴ്) രൂപയാണ് കുത്തകലേലത്തിലൂടെ ലഭിച്ചത്. ഇന്നലെ മാധ്യമങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച കണക്കിൽ ഇത്

ഉൾപ്പെട്ടിരുന്നില്ലെന്നും അദ്ദേഹം വിശദീകരിച്ചു. കാണിക്കയായി ലഭിച്ച നാണയങ്ങൾ, നിലയ്ക്കലിലെ പാർക്കിങ് ഫീസ് എന്നിവ കൂടി ചേർക്കുമ്പോൾ വരുമാനത്തിൽ ഇനിയും മാറ്റമുണ്ടാകുമെന്നും സന്നിധാനം ദേവസ്വം ഗസ്റ്റ്ഹൗസിലെ കോൺഫറൻസ് ഹാളിൽ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് പറഞ്ഞു.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

27.12.2023



ഒരു ഭക്തനും ദർശനം കിട്ടാതെ മടങ്ങില്ലെന്ന് മന്ത്രി കെ.രാധാകൃഷ്ണൻ

ദർശനം കിട്ടാതെ ഒരു ഭക്തനും തിരിച്ചുപോകുന്ന അവസ്ഥ ശബരിമലയിലില്ലെന്ന് ദേവസ്വം വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണൻ. യഥാർത്ഥഭക്തർ തിരിച്ചുപോകില്ല. ഭക്തിയുടെ പേരിൽ വ്യാജപ്രചാരണം നടത്തുന്നവർ സ്വയം പിൻമാറണമെന്നും അദ്ദേഹം പറഞ്ഞു.

ശബരിമല ദർശനം സംബന്ധിച്ച് ആക്ഷേപമുണ്ടാകുന്നത് ചില പ്രത്യേക കേന്ദ്രങ്ങളിൽ നിന്ന് മാത്രമാണ്. പ്രശ്നം പരിഹരിച്ച ശേഷവും ചിലർ ബോധപൂർവം പ്രശ്നമുണ്ടാക്കാൻ ശ്രമിക്കുകയാണ്. സന്നിധാനത്ത് ചേർന്ന അവലോകനയോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

തിരക്ക് എങ്ങനെ നിയന്ത്രിച്ചാലും കയറേണ്ടത് പതിനെട്ടാംപടിയാണെന്ന് മനസ്സിലാക്കണം. ശബരിമലയിൽ വനഭൂമി വിട്ടുകിട്ടുന്നതിനും കൂടുതൽ സൗകര്യമൊരുക്കുന്നതിനും നിലവിലുള്ള പരിമിതികൾ എല്ലാവർക്കും അറിയാവുന്നതാണ്. മികച്ച സൗകര്യങ്ങളൊരുക്കാൻ സാധ്യമായ എല്ലാ

ഇടപെടലുകളും സർക്കാർ നടത്തുന്നുണ്ട്. വരുമാനം കൂടുന്നതും കുറയുന്നതും സർക്കാരിന്റെ വേവലാതിയില്ല. വരുമാനത്തെ ആശ്രയിച്ചല്ല ശബരിമലയിൽ സർക്കാരിന്റെ പ്രവർത്തനമെന്നും മന്ത്രി വ്യക്തമാക്കി. മകരവിളക്ക് മഹോത്സവത്തിനായി 30 ന് നട തുറക്കുമ്പോൾ തിരക്ക് നിയന്ത്രിക്കാൻ പുതിയ സംവിധാനങ്ങൾ ഒരുക്കും. ശബരിപീഠം മുതൽ സന്നിധാനം വരെ 36 കേന്ദ്രങ്ങളിൽ സിവിൽ ഡിഫൻസ് വളന്റിയർമാരുടെ സേവനം ലഭ്യമാക്കും. ഇവിടെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടമുണ്ടാകും. ക്യൂ കോംപ്ലക്സിൽ ആവശ്യമുള്ളവർ മാത്രം കയറിയാൽ മതിയാകും. ദീർഘദൂര കെ.എസ്.ആർ.ടി.സി ബസുകൾ നിലയ്ക്കൽ കയറാതെ നേരെ പോകുന്നതിനുള്ള സൗകര്യമൊരുക്കും.

ശബരിമലയിലേക്ക് വരുന്ന ഭക്തരുടെ എണ്ണം ഓരോ വർഷവും കൂടുകയാണ്. ഈ വർഷം ഒരുലക്ഷത്തിലധികം അയ്യപ്പൻമാർ ദർശനത്തിനെത്തിയ ദിവസങ്ങളുണ്ടായി. ദർശനസമയം ഒന്നുരണ്ട് മണിക്കൂർ ദീർഘിപ്പിച്ചു. കുട്ടികൾ, ഭിന്നശേഷിക്കാർ, പ്രായമായവർ എന്നിവർ കൂടുതലെത്തുന്നതും പതിനെട്ടാം പടി കയറുന്നതിൽ കാലതാമസമുണ്ടാക്കുന്നുണ്ട്. 12000 കുട്ടികളാണ് ശരാശരി ഒരുദിവസം മലകയറുന്നത്. കുട്ടികളുടെ എണ്ണം വെർച്ചൽ ക്യൂ ബുക്കിങ്ങിൽ ഉൾപ്പെടുന്നില്ല. വെർച്ചൽ ക്യൂ, സ്പോർട്ട് ബുക്കിങ് വഴികളിലൂടെയല്ലാതെ കാനനപാതവഴിയും മറ്റും അയ്യായിരത്തോളം ഭക്തർ എല്ലാദിവസവും എത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

27.12.2023



ശബരിമലയിൽ സംസ്ഥാന സർക്കാർ ഒരുക്കുന്നത് മികച്ച സൗകര്യങ്ങളെന്ന് നാഗാലാൻഡ് ഗവർണർ

ലക്ഷക്കണക്കിന് ഭക്തരെത്തുന്ന സന്നിധാനത്തും സന്നിധാനത്തേക്കുള്ള വഴികളിലും മികച്ച സൗകര്യങ്ങളാണ് സംസ്ഥാനസർക്കാർ ഒരുക്കുന്നതെന്നും ഇത് അഭിനന്ദനാർഹമാണെന്നും നാഗാലാൻഡ് ഗവർണർ എൽ. ഗണേശ്. ശബരിമലയിലേക്കുള്ള റോഡുകൾ വളരെ മികച്ചതാണെന്നും അദ്ദേഹം പറഞ്ഞു. രാവിലെ 10.30 ഓടെ സന്നിധാനത്തെത്തിയ അദ്ദേഹം തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജയിൽ പങ്കുകൊണ്ടു. സഹോദരനായ എൽ. ഗോപാലൻ, സഹോദരപത്നി ചന്ദ്ര ഗോപാലൻ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

27.12.2023

ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടന്നു. രാവിലെ 10.30നും 11.30നും ഇടയിലുള്ള മുഹൂർത്തത്തിലാണ് മണ്ഡലപൂജ നടന്നത്. മണ്ഡലപൂജയ്ക്ക് മുന്നോടിയായി കലശാഭിഷേകവും തുടർന്ന് കളഭാഭിഷേകവും നടന്നു. നാഗാലാൻഡ് ഗവർണർ എൽ. ഗണേശ്, ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ, അഡ്വ. കെ.യു.ജനീഷ് കുമാർ എംഎൽഎ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത്, ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. എ അജികുമാർ, ജി. സുന്ദരേശൻ, എഡിജിപി എം.ആർ അജിത് കുമാർ, ദേവസ്വം സ്പെഷൽ സെക്രട്ടറി എം.ജി രാജമാണിക്യം, എഡിഎം സൂരജ് ഷാജി, ദേവസ്വം കമ്മിഷണർ സി.എൻ രാമൻ, സന്നിധാനം സ്പെഷൽ ഓഫീസർ കെ.എസ്.സുദർശൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.